**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2698** **04-03-2025 - ല്‍ മറുപടിയ്ക്ക്**

**ജപ്തി നടപടികള്‍ക്കായി പോകുന്ന സെയില്‍ ഓഫീസര്‍മാര്‍ക്ക് പോലീസ് സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാല്‍ | | ശ്രീ. വി.എന്‍ വാസവന്‍<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ജപ്തി നടപടികള്‍ക്കായി പോകുന്ന സെയില്‍ ഓഫീസര്‍മാര്‍ക്ക് പോലീസ് സംരക്ഷണം ലഭിക്കുന്നതിന് പ്രാഥമിക സഹകരണ ബാങ്കുകള്‍ അമിതമായി ഫീസ് അടയ്ക്കേണ്ടി വരുന്നതും ആയത് പിന്നീട് വായ്പക്കാരില്‍ നിന്നും ഈടാക്കേണ്ടി വരുന്നതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ വായ്പക്കാരുടെ അമിതഭാരം ഒഴിവാക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ശ്രദ്ധയില്‍പെട്ടിട്ടില്ല.<br><br>കേരള സഹകരണ സംഘം നിയമം 1969ലെ വകുപ്പ് 108 പ്രകാരം സഹകരണ സംഘം രജിസ്ട്രാറോ, ഈ നിയമപ്രകാരം നിയമിക്കപ്പെടുന്ന ഏതെങ്കിലും ഉദ്യോഗസ്ഥരോ അവര്‍ ആവശ്യപെടുന്ന പക്ഷം അവരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് 1960-ലെ കേരള പോലീസ് ആക്ട് പ്രകാരം ഓരോ പോലീസ് ഉദ്യോഗസ്ഥന്റേയും കടമയാണ്. ജപ്തി നടപടികള്‍ക്ക് പോകുന്ന സെയില്‍ ഓഫീസര്‍മാര്‍ക്ക് പോലീസ് സംരക്ഷണം ലഭിക്കുന്നതിന് ഇപ്പോള്‍ ഫീസ് ഈടാക്കുന്നില്ല. |
| (ബി) | പ്രസ്തുത വിഷയത്തില്‍ നടപടി സ്വീകരിച്ചിട്ടില്ലെങ്കില്‍ സെയില്‍ ഓഫീസര്‍മാര്‍ക്ക് പോലീസ് സംരക്ഷണം ലഭിക്കുന്നതിന് ഫീസ് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | ശ്രദ്ധയില്‍പെട്ടിട്ടില്ല.<br><br>കേരള സഹകരണ സംഘം നിയമം 1969ലെ വകുപ്പ് 108 പ്രകാരം സഹകരണ സംഘം രജിസ്ട്രാറോ, ഈ നിയമപ്രകാരം നിയമിക്കപ്പെടുന്ന ഏതെങ്കിലും ഉദ്യോഗസ്ഥരോ അവര്‍ ആവശ്യപെടുന്ന പക്ഷം അവരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് 1960-ലെ കേരള പോലീസ് ആക്ട് പ്രകാരം ഓരോ പോലീസ് ഉദ്യോഗസ്ഥന്റേയും കടമയാണ്. ജപ്തി നടപടികള്‍ക്ക് പോകുന്ന സെയില്‍ ഓഫീസര്‍മാര്‍ക്ക് പോലീസ് സംരക്ഷണം ലഭിക്കുന്നതിന് ഇപ്പോള്‍ ഫീസ് ഈടാക്കുന്നില്ല. |

സെക്ഷന്‍ ഓഫീസര്‍